# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3217 | 07.11.2019-ന് മറുപടിയ്ക്ക് |
|---|---|

**<u>ചെങ്ങന്നൂർ മണ്ഡലത്തിലെ പാലം പണികൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ</u>**

| ചോദ്യം<br>ശ്രീ സജി ചെറിയാൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിലെ കൈപ്പാലക്കടവ് പാലം, ബുധന്നൂർ പഞ്ചായത്തിലെ വഴവാടികടവ് പാലം, വെൺമണി പഞ്ചായത്തിലെ ശാർങ്ങക്കാവ് പാലം എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | **<u>കൈപ്പാലക്കടവ് പാലം</u>**<br>ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 100 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 18/05/2019-ലെ സ.ഉ (സാധാ) നം.1143/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ പഠനം നടത്തുന്നതിന് ശ്രീമതി പ്രിൻസി ജേക്കബ്, എറണാകുളം-ന്റെ നേതൃത്വത്തിലുള്ള ഏജൻസിയെ നിയമിച്ചിട്ടുള്ളതുമാണ്. എസ്.ഐ.എ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.<br><br>**<u>വഴവാടി കടവ് പാലം</u>**<br>ആലപ്പുഴ ജില്ലയിൽ എണ്ണയ്ക്കാട്, തഴക്കര വില്ലേജുകളിൽ ഉൾപ്പെട്ട 24 ആർസ് ഭൂമി ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 03/04/2019-ലെ സ.ഉ (സാധാ) നം.986/2019/റവ പ്രകാരം ഉത്തരവായിരുന്നതും സർവ്വെ ഡിവിഷൻ റിക്കാർഡുകളും അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും (BVR) ആലപ്പുഴ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കി വരുന്നതുമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് DLFC കൂടുകയും DLFC യുടെ ശുപാർശ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്.<br><br>**<u>ശാർങ്ങക്കാവ് പാലം</u>**<br>ശാർങ്ങക്കാവ് പാലം നിർമ്മാണ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നത് ഗൗരവമായി പരിഗണിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ